## കർമവും പുണ്യവും

*മരിക്കുന്നില്ലൊരിക്കലുമീ*
*മണ്ണിലുല്പാദകൻ,*
*വിണ്ണിലുമേകിടുമയാൾ*
*ക്കക്ഷയം തൻകൃത്യത്തിൻ*
*പാരിതോഷികം.*

ഉല്പാദനത്തിലേർപ്പെടുന്നവൻ നാശിക്കുന്നില്ല. അവൻ തുലമുറകളിലൂടെ ജീവിക്കും.

അലസന്മാർ കർമം ചെയ്യാത്തവരാണ്. കർമം ചെയ്യാത്തവർ ലോകത്തെ നശിപ്പിക്കും.

മനുഷ്യനെ സൃഷ്ടിച്ചത് മണ്ണുകൊണ്ടാണ്. എന്തിനാണ് മണ്ണുകൊണ്ട് പടച്ചത്?

അതിൽ ഒരു യുക്തിയുണ്ട്. അതായത്, മണ്ണ് ഉല്പാദനക്ഷമമാണ്. ഒന്നിനും ഒരിക്കലും അത് അലസത കാണിക്കുന്നില്ല. ഈ ഗുണം മനുഷ്യനിലും ഉണ്ടാകണം.

എന്നു പറഞ്ഞാൽ മനുഷ്യൻ ഭൂമിയുടെ സംസ്കരണത്തിലും ഉല്പാദനത്തിലും ഏർപ്പെടണം. അതിൽ ഒരിക്കലും കുഴപ്പവും നാശവും ഉണ്ടാക്കരുത്.

മനുഷ്യൻ കർമത്തിൽ ഏർപ്പെടണമെന്നത് ദൈവം മനുഷ്യനെ ചുമതലപ്പെടുത്തിയ കാര്യമാണ്. അത് നടക്കുന്നില്ലെങ്കിൽ ഭൂമി നശിക്കും.

ഭൂമിയോടുള്ള സംസ്കരണകൃത്യത്തിലാണ് മനുഷ്യന് ഉപജീവനം നിലനില്ക്കുന്നത്. ഐശ്വര്യവും സമാധാനവും ആരോഗ്യവുമൊക്കെ കിട്ടുന്നതും അതുമുഖേനയാണ്.

ഭൂമിയിൽ നാം ചെയ്യുന്ന സംസ്കരണകൃത്യങ്ങളെല്ലാം നമ്മുടെ തന്നെ ഉപകാരത്തിനുള്ളതാണ്. നമ്മുടെ കാലശേഷം മറ്റുള്ളവർ അത് അനുഭവിക്കുന്ന കാലത്തോളം അത് നമ്മുടെ കുറിയും മാനവും മാതൃകയായി ജനമനസ്സുകളിൽ നിലനില്ക്കും. കർമങ്ങളിലൂടെ നമുക്ക് നൈരന്തര്യം ലഭിക്കും. നാം മരിക്കുന്നില്ല. ദൈവത്തിങ്കൽ നമുക്കത് നിത്യപ്രതിഫലമുള്ളതായി മാറും.

മോഷ്ടിക്കുന്നതും മറ്റുള്ളവരെ ഉപദ്രവിക്കുന്നതും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതുമല്ല സംസ്കണകൃത്യങ്ങൾ, അവ നശീകരണകൃത്യങ്ങളാണ്. അത് ഭൂമിയെ നശിപ്പിക്കും.

ധാർമിക മൂല്യമുള്ള കുടുംബത്തെ സൃഷ്ടിക്കുന്നതും മാതൃകായോഗ്യമായ ഉത്തമ സമൂഹത്തെ സംവിധാനിച്ചെടുക്കുന്നതുമൊക്കെ ഉല്പാദനം തന്നെയാണ്. അതിൻെറ ഫലം കാലാകാലവും നമുക്ക് ലഭിച്ചുകൊണ്ടിരിക്കും. സമൂഹത്തോടൊപ്പം നാമും ജീവിച്ചുകൊണ്ടിരിക്കും. പക്ഷേ, അലസത വെടിഞ്ഞ് നാം ഉണരണമെന്നു മാത്രം.